# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി6)-1150/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/11/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി6)-1150/2021 തീയ്യതി: 12/11/2021

## എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ എ ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 09-08-2021 | 25-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 25-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. മിനു. പി. കെ, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീമതി. റസിയ. ബീവി ജെ, ഓഡിറ്റ് ഓഫീസർ
ശ്രീ.റഷീദ് സി.എം,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ബബിത ബി കുമാർ,സീനീയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനീഷ് ടി.എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജലജ മോഹനൻ | പ്രസിഡന്റ് | 01-04-2020 | 09-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 10-11-2020 | 20-12-2020 |

| | | | |
|---|---|---|---|
| ബിജു തോമസ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| സമീന ബി | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിജോ ജോൺ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| അറീഫ ടി എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.എബ്രഹാം വി റാഫി | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| സന്തോഷ് സി ജി | അസി.എഞ്ചിനിയർ | 01-04-2020 | 16-02-2021 |
| ജോജി യേശുദാസ് | അസി.എഞ്ചിനിയർ | 17-02-2021 | 31-03-2021 |
| ജോർജ് ഇ യു | ഹെഡ്മ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ജയ കെ ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ജീന ടി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.എ കെ റാണി | സീനിയർ മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 30-04-2020 |
| ഡോ.ജയറാണി | മെഡിക്കൽ ഓഫീസർ ,ആയുർവേദം | 01-05-2020 | 16-02-2021 |
| ഡോ.സന്ധ്യ കെ ബി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 16-02-2021 | 31-03-2021 |
| ഡോ.സീനാ എൻ എസ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കീച്ചേരി | 01-04-2020 | 31-03-2021 |
| സിബിൻ ഇ പി | വി ഇ ഒ, കുലയേറ്റിക്കര | 01-04-2020 | 03-09-2020 |
| ശ്രീകാന്ത് ശ്രീധർ | വി ഇ ഒ, കുലയേറ്റിക്കര | 04-09-2020 | 02-11-2020 |
| ഹരീഷ് | വി ഇ ഒ, കുലയേറ്റിക്കര | 03-11-2020 | 11-01-2021 |
| പ്രസീന പി | വി ഇ ഒ, കുലയേറ്റിക്കര | 12-01-2021 | 31-03-2021 |
| ശ്രീകാന്ത് ശ്രീധർ | വി ഇ ഒ, ആമ്പല്ലൂർ | 01-04-2020 | 31-03-2021 |
| ഒഴിവ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 17-09-2020 |
| സ്മിത | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 18-09-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.K.Minu (Audit Officer, On 14-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Babitha B Kumar (Senior Grade Auditor, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: P.K.Minu (Audit Officer, On 15-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Babitha B Kumar (Senior Grade Auditor, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Babitha B Kumar (Senior Grade Auditor, On 14-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: P.K.Minu (Audit Officer, On 15-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Babitha B Kumar (Senior Grade Auditor, On 14-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Aneesh T S (Auditor, On 21-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-8 |
| 10 | അഭ്യന്തര നിയന്ത്രണം<br>Written By: P.K.Minu (Audit Officer, On 14-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-9 |
| 11 | ലൈസൻസ് ഫീസ് നിർണ്ണയം - അപാകത<br>Written By: Aneesh T S (Auditor, On 22-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-10-2021) | 1-10 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Babitha B Kumar (Senior Grade Auditor, On 15-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-11 |
| 13 | മുൻവർഷങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കിയില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 11-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-12 |
| 14 | ദുരന്ത നിവാരണ കമ്മിറ്റി<br>Written By: P.K.Minu (Audit Officer, On 17-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-13 |
| 15 | ദുരിതാശ്വാസ നിധി<br>Written By: P.K.Minu (Audit Officer, On 17-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-14 |
| 16 | പ്രത്യേക അക്കൗണ്ട് ആരംഭിച്ചില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-15 |
| 17 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു<br>Written By: Babitha B Kumar (Senior Grade Auditor, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-16 |

| | | |
|---|---|---|
| 18 | കോവിഡ് വിലയിരുത്തൽ<br>Written By: C.M.Rasheed (Asst. Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 09-11-2021) | 1-17 |
| 19 | തെരുവ് വിളക്ക് പരിപാലനം - സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല.<br>Written By: Ressiya Beevi J (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-18 |
| 20 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.<br>Written By: Ressiya Beevi J (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-19 |
| 21 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.<br>Written By: Ressiya Beevi J (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-20 |
| 22 | ഓഡിറ്റ് ഇംപാക്ട്<br>Written By: C.M.Rasheed (Asst. Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: P.K.Minu (Audit Officer, On 15-08-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 4-1 |
| 2 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.K.Minu (Audit Officer, On 06-09-2021)<br>Last Updated By: Raj N.C (Computer Assistant, On 29-10-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.K.Minu (Audit Officer, On 15-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ<br>Written By: P.K.Minu (Audit Officer, On 15-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-10-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: P.K.Minu (Audit Officer, On 15-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-10-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P.K.Minu (Audit Officer, On 15-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P.K.Minu (Audit Officer, On 15-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-10-2021) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: P.K.Minu (Audit Officer, On 15-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-10-2021) | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: P.K.Minu (Audit Officer, On 15-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.K.Minu (Audit Officer, On 15-08-2021)<br>Last Updated By: Joby George (Computer Assistant, On 11-11-2021) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.K.Minu (Audit Officer, On 15-08-2021)<br>Last Updated By: Raj N.C (Computer Assistant, On 30-10-2021) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 24.02.2020 തീയതിയിൽ പാസ്സാക്കിയിട്ടുണ്ട്. 2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 44,64,866 |
| വരവ് | 20,92,33,645 |
| ആകെ | 21,36,98,511 |
| ചെലവ് | 20,84,68,786 |
| നീക്കിയിരിപ്പ് | 52,29,725 |

എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകൾ യഥാക്രമം 8,13,33,930/- 8,69,75,981/- എന്നിങ്ങനെയാണ്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ യാഥാർത്ഥ്യത്തിലുള്ളതുമായി ഭീമമായ അന്തരമുണ്ട്. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 22.05.2021 |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. [കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)] .

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,06,85,705.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,13,33,930.00 |
| ആകെ | 10,20,19,635.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,69,75,981.00 |
| നീക്കിയിരിപ്പ് | 1,50,43,654.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,01,262 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10929738 | 10929738 | 9833959 | | 1095779 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6576118 | 6576118 | 6542761 | | 33357 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12449000 | 12449000 | 9430215 | | 3018785 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3688314 | 3688314 | 3530749 | | 157565 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 10372807 | 10372807 | 7493936 | | 2878871 |
| ധനകാര്യ കമ്മീഷൻ അവാർഡ് (പെർഫോർമെൻസ് ഗ്രാന്റ് ) | 0 | 5060000 | 5060000 | 1730612 | | 3329388 |
| NREGS | 1162 | 34128467 | 34129629 | 34126000 | 3629 | |
| ICDS | 1397000 | 911521 | 2308521 | 953479 | 1355042 | |
| സമ്പൂർണ്ണ ശുചിത്വം | 25615 | 795 | 26410 | 0 | 26410 | |
| BUDS | 27289 | 1054885 | 1082174 | 854885 | 227289 | |
| CSR ഫണ്ട് | 4240939 | 1505690 | 5746629 | 3299722 | 2446907 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 224 | 136696976 | 164 | 68883272 | 32 | 28 | 73.2 % |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1162 | 942868 | 944030 | 940401 | 3629 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 33185599 | 33185599 | 33185599 | 0 |
| ആകെ | 1162 | 34128467 | 34129629 | 34126000 | 3629 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8,640 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 1,06,29,400 | 744 |
| വിധവാപെൻഷൻ | 1,43,33,700 | 944 |
| വാർദ്ധക്യകാലപെൻഷൻ | 2,46,99,200 | 1931 |
| വികലാംഗപെൻഷൻ | 42,87,500 | 212 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 8,04,400 | 52 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,10,000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17950/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണം

പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി എന്നിവ വിവരങ്ങളെല്ലാം ഉൾപ്പെടുത്തി കൃത്യമായി കൈകാര്യം ചെയ്തുപോരുന്നുണ്ട്. പഞ്ചായത്തിൽ നിന്നും വിവിധ സേവനങ്ങൾ ആവശ്യപ്പെട്ടുവരുന്ന പൊതുജനങ്ങൾക്ക് പര്യാപ്തമായ സൗകര്യങ്ങൾ ഫ്രണ്ട് ഓഫീസിൽ ഒരുക്കിയിട്ടുണ്ട്. പഞ്ചായത്തിലെ രജിസ്റ്ററുകളും, വൗച്ചറുകളും മറ്റ് രേഖകളും ഓഡിറ്റിനായി ലഭ്യമാക്കുന്നതിൽ അധികൃതർ തികഞ്ഞ ജാഗ്രത കാണിക്കുകയും ചെയ്തു. പഞ്ചായത്തിലെ പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥർ ഫയലുകൾ

കാര്യക്ഷമമായി കൈകാര്യം ചെയ്ത് പോരുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നു. രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്.

ആസ്തി രജിസ്റ്ററിന്റെ പരിപാലനം പൂർണ്ണമായും തൃപ്തികരമല്ല. പഞ്ചായത്തിന്റെ കണക്കുകൾ സാംഖ്യയിലേക്ക് മാറുന്നതിന് മുമ്പുള്ള ആസ്തി വിവരങ്ങൾ പൂർണ്ണമായും സാംഖ്യയിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കിയിട്ടില്ല. പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലങ്ങൾ ഇനിയും ആസ്തിയിൽ ഉൾപ്പെടുത്തുവാൻ അവശേഷിക്കുന്നു. എല്ലാ വൗച്ചറുകളും പ്രസിഡന്റ് ഒപ്പ് വെച്ച് ആധികാരികമാക്കേണ്ടതാണ്.

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനേയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്വം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തേണ്ടതാണ്. പല പദ്ധതികളുടെയും ഫയലിൽ മോണിട്ടറിങ്ങ് കമ്മറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ലൈസൻസ് ഫീസ് നിർണ്ണയം - അപാകത

സ്ഥാപനങ്ങളെ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനായി സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപം കണക്കാക്കി ലൈസൻസ് ഫീസ് നിശ്ചയിക്കണമെന്നാണ് 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ്. എന്നാൽ പഞ്ചായത്ത് 2020-21ൽ ലൈസൻസ് അനുവദിച്ച ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ മൂലധന നിക്ഷേപ തുക രേഖപ്പെടുത്തിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ന്യൂഫാഷൻ ജ്വല്ലറി |
| 2 | സ്റ്റീലിക്സ്-സിമെന്റ്/കമ്പി/ഷീറ്റ് വ്യാപാരം |
| 3 | സ്റ്റീൽ വേൾഡ് |
| 4 | സെന്റ് മേരീസ് എഞ്ചിനിയറിംഗ് |
| 5 | ആർടെക്ക് സോമിൽ |
| 6 | താമരത്തറയിൽ സോമിൽ |
| 7 | ആലക്കാപ്പിള്ളി ജ്വല്ലറി |

ഈ സ്ഥാപനങ്ങൾക്ക് എപ്രകാരമാണ് ലൈസൻസ് ഫീസ് നിർണ്ണയിച്ച് ഈടാക്കിയതെന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം 05/20-21 തിയതി 13/08/21 ന് നല്കിയ 17/08/21ലെ മറുപടിയിൽ കോവിഡ് വ്യാപന പശ്ചാത്തലത്തിൽ സംഭവിച്ച അപാകതയെന്നാണ് അറിയിച്ചത്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.01.2020 | നവംബർ 19, ഡിസംബർ19 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.03.2018 | 2012-13 To 2016-17 | 01.05.2018 |

## 1-12 മുൻവർഷങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കിയില്ല

ഓഡിറ്റ് റിപ്പോർട്ട് ഫയലുകൾ , ഓഡിറ്റ് ഒബ്ജെക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മുൻവർഷങ്ങളിലെ ധാരാളം പരാമർശങ്ങൾ തീർപ്പാക്കാൻ അവശേഷിക്കുന്നതായി കാണുന്നു . ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കുന്നില്ല .ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കപ്പെടാത്തത് മൂലമോ വൈകി സ്വീകരിക്കപ്പെടുന്നതുമൂലമോ ആണ് ഓഡിറ്റ് പരാമർശങ്ങൾ പൂർണ്ണമായും തീർപ്പാക്കാതെ അവശേഷിക്കുന്നത് . 2018-19 വർഷത്തെ ഓഡിറ്റ് പരാമർശങ്ങൾ ഒന്നും തന്നെ തീർപ്പാക്കിയിട്ടില്ല . 2017-18 വർഷത്തെ പരാമർശങ്ങളായ അങ്കണവാടി നിർമ്മാണം ആരംഭിച്ചില്ല , കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ധനവിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല എന്നിവ നാളിതുവരെ തീർപ്പാക്കിയിട്ടില്ല . 2016-17 വർഷത്തെ ഓഡിറ്റ് പരാമർശങ്ങളിൽ 4 ഖണ്ഡികകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട് .തൊഴിൽ നികുതി ഈടാക്കിയില്ല ,

അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലത്തിന് ഉടമസ്ഥാവകാശം ലഭ്യമാക്കിയിട്ടില്ല ,വിവിധ പ്രവൃത്തികളുടെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല എന്നിവ ഇതിലുൾപ്പെടുന്നു .2015-16വർഷത്തെ പരാമർശങ്ങളായ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തിയ കരാറുകാരനിൽ നിന്ന് ആദായനികുതി ഈടാക്കിയില്ല , വിവിധ പ്രവൃത്തികളുടെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല എന്നിവ തീർപ്പാക്കുവാനവശേഷിക്കുന്നു . 2013-14 & 2014-15 , 2012-13 , 2010-11 & 2011-12 , 2009-10 , 2007-08 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ചില പരാമർശങ്ങളിൽ നടപടി എടുത്തിട്ടുണ്ടെങ്കിലും വകുപ്പിനെ ആവശ്യമായ രേഖകൾ സഹിതം അറിയിച്ചിട്ടില്ലാത്തത് കാരണം തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട് .1998-99 , 1999-2000 ,2002-03 , 2003-04 ,2006-07 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളും തീർപ്പാക്കുവാനവശേഷിക്കുന്നവയിലുണ്ട് . 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലേതുൾപ്പെടെയുള്ള പരാമർശങ്ങൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ആവശ്യമായ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതുമാണ് .

## 1-13 ദുരന്ത നിവാരണ കമ്മിറ്റി

കേരള സർക്കാരിന്റെ 20.2.2018ലെ ഉത്തരവ് നം.ഡി.എ.1/523/2017 തസ്വഭവ.(ഡി.എ) വകുപ്പ്,തിരുവനന്തപുരം നിർദ്ദേശാനുസരണം ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ ദുരന്ത നിവാരണ കമ്മിറ്റി (Disaster Management Committee) രൂപീകരിച്ചിട്ടുണ്ട്. 07.02.2020 ൽ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. പഞ്ചായത്തുമായി ബന്ധപ്പെട്ട് സമഗ്ര വിവരങ്ങളടങ്ങുന്ന ദുരന്തനിവാരണ പദ്ധതി ആസൂത്രണരേഖ എന്ന പേരിൽ ഒരു ബുക്ക്ലെറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന വിവരങ്ങൾ ചേർത്തിട്ടുണ്ട്.

1) പൊതു വിവരങ്ങൾ

2) കാലാവസ്ഥ വ്യതിയാനം - ദുരന്ത സാദ്ധ്യത വിശകലനം

3) ദുരന്ത പ്രതികരണ ആസൂത്രണ രേഖ

4) മുന്നൊരുക്കം, പ്രതികരണം, സാമൂഹ്യ ശാക്തീകരണം

5) ശേഷികളും വിഭവങ്ങളും

6) ദുരന്ത ലഘൂകരണ പദ്ധതിയിലേക്കുള്ള പ്രോജക്റ്റ് നിർദ്ദേശങ്ങൾ

7) പ്രധാന ഫോൺ നമ്പരുകൾ

07.02.2020 ന് ശേഷം കമ്മിറ്റി യോഗം ചേർന്നിട്ടില്ല. കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് സജീവമായ വിലയിരുത്തലുകളും, ഇടപെടലുകളും നടത്തുന്നത് അഭികാമ്യമായിരിക്കും.

## 1-14 ദുരിതാശ്വാസ നിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതുണ്ട്. പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവയാൽ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് ഒരു സമാശ്വാസമെന്ന രീതിയിൽ, അടിയന്തിര ഘട്ടങ്ങളിൽ അവർക്ക് സാമ്പത്തിക സഹായം എത്തിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടാണ് ഇത്തരത്തിലൊരു നിധി രൂപീകരിക്കുന്നതിന് നിർദ്ദേശമുള്ളത്. ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും അതിലേക്ക് വരവുകളോ, അതിൽ നിന്ന് ചെലവുകളോ ഓഡിറ്റ് വർഷത്തിൽ ഉണ്ടായിട്ടില്ല. സഹായമഭ്യർത്ഥിച്ചുകൊണ്ടുള്ള അപേക്ഷകളൊന്നും ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിൽ സമർപ്പിക്കപ്പെട്ടിട്ടില്ല.

## 1-15 പ്രത്യേക അക്കൗണ്ട് ആരംഭിച്ചില്ല

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ ) - Performance Based Incentive Grant (PBIG) പഞ്ചായത്തുകൾക്ക് വിഹിതം അനുവദിക്കുന്നത് സംബന്ധിച്ച് ജില്ലാ ശുചിത്വമിഷൻ കോർഡിനേറ്ററുടെ 18.01.19 ലെ 100 / SBM (G) / IHHL / 18 നമ്പർ നടപടിക്രമങ്ങൾ പ്രകാരം PBIG ക്ക് പ്രത്യേക അക്കൗണ്ട് ആരംഭിക്കേണ്ടതും ഇപ്പോൾ അനുവദിക്കുന്ന PBIG തുക പുതിയ അക്കൗണ്ടിലേക്ക് എത്രയും വേഗം പിൻവലിച്ച് നിക്ഷേപിക്കേണ്ടതുമാണ് . ഇതിനായി പ്രത്യേക ക്യാഷ് ബുക്കും സൂക്ഷിക്കേണ്ടതാണ് .ഹാജരാക്കിയിട്ടുള്ള വാർഷികകണക്കുകൾ പരിശോധിച്ചതിൽ PBIG ക്ക് പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ലാത്തതായി കാണുന്നു .PBIG ക്ക് പ്രത്യേക അക്കൗണ്ട് ആരംഭിക്കേണ്ടതും പ്രത്യേക ക്യാഷ് ബുക്ക് പരിപാലിക്കേണ്ടതുമാണ് .

## 1-16 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു

ഹെഡ് മാസ്റ്റർ നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾക്ക് ചെലവഴിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല .

| | |
|---|---|
| പ്രൊജക്ട് നം. 15 / 21<br>SSA വിഹിതം അടവ്<br>-ജനറൽ | അടങ്കൽ - ₹1,31,262 /- (വികസനഫണ്ട്) |
| | ചെലവ് - ₹1,31,262 /-<br>ബിൽ നം. 01 / 20-21 തീ. 16.10.20 |
| | കൈപ്പറ്റിയത് -ജില്ലാ പ്രൊജക്ട് ഓഫീസർ , SSA |
| പ്രൊജക്ട് നം. 176 / 21<br>SSA വിഹിതം അടവ് - | അടങ്കൽ - ₹1,70,000 /- (വികസനഫണ്ട് - എസ് സി പി) |

| | |
|---|---|
| പട്ടികജാതി | |
| | ചെലവ് - ₹1,70,000 /-<br>ബിൽ നം.03 / 20-21 തീ. 16.10.20 |
| | കൈപ്പറ്റിയത് -ജില്ലാ പ്രൊജക്ട് ഓഫീസർ , SSA |

SSA വിഹിതം അടക്കുന്നതിന് ചെലവഴിച്ച 3,01,262 /- രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു .

## 1-17 കോവിഡ് വിലയിരുത്തൽ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളും ചികിത്സയും ഗ്രാമപഞ്ചായത്തിൽ തൃപ്തികരമായ രീതിയിലാണ് നടപ്പാക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ 24.08.2021 വരെ 2557 കോവിഡ് കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കോവിഡ് പ്രതിരോധ/ചികിത്സക്കായി ഗ്രാമപഞ്ചായത്ത് പ്രവർത്തനങ്ങൾക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 144 യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ അധ്യക്ഷനായി ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുകയും ജനോപകാരപ്രദമായ രീതിയിൽ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഹെൽപ്പ് ഡെസ്ക് നടത്തിപ്പിന് വേണ്ടി ഫയൽ ബോർഡ് വാങ്ങൽ ഇതര സ്റ്റേഷനറി വാങ്ങൽ മുതലായവക്കായി ചെറിയ ചെലവുകൾ മാത്രമാണ് തനത് ഫണ്ടിൽ നിന്ന് ചെയ്തിട്ടുള്ളത്. ഗുരുതര രോഗബാധിതർക്ക് വേണ്ടി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 9500 രൂപ ചെലവ് ചെയ്തിട്ടുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കുകയും മീറ്റിംഗുകൾ കൂടിയും ഇതര പ്രവർത്തനങ്ങൾ നടത്തിയും തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. 16.07.20, 21.07.20, 28.07.20, 07.01.21 എന്നീ തീയതികളിലായി 4 മീറ്റിംഗുകളാണ് മാനേജ്മെന്റ് കമ്മിറ്റി കൂടിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ മികച്ച രീതിയിൽ ഒരു ജെൻഡർ റിസോഴ്സ് സെന്റർ (GRC) പ്രവർത്തിക്കുന്നുണ്ട്. ആയതിലെ സൗകര്യങ്ങൾ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ചില മേഖലകളിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ജി.ആർ.സി.യിലെ ടെലിവിഷൻ കേബിൾ സൗകര്യങ്ങളാണ് ഫസ്റ്റ് ബെൽ പഠന കേന്ദ്രത്തിന് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ലൈബ്രറി കൗൺസിൽ അംഗത്വമുള്ള രണ്ട് ഗ്രന്ഥശാലകൾക്ക് കെ.എസ്.എഫ്.ഇ. ലോൺ ലഭ്യമാക്കിയിട്ടുണ്ട്. ആയതും പഞ്ചായത്ത് പ്രദേശത്ത് കോവിഡ് കാല പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിന് സഹായകരമായിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി മുഖാന്തിരമാണ് തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ പ്രൊജക്ടുകൾ പ്രധാനമായും നടപ്പാക്കിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ 26 ഹെക്ടർ തരിശ് ഭൂമിയാണ് കൃഷിയോഗ്യമാക്കിയിട്ടുള്ളത്.

കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ തുടങ്ങുന്നതിന് 425468 രൂപയാണ് നാളിതു വരെ പഞ്ചായത്തിൽ നിന്ന് ചെലവ് ചെയ്തിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സി.എഫ്.എൽ.ടി.സി. സെന്റർ ഇൻസ്റ്റലേഷൻ എന്ന പ്രൊജക്ടിന് വേണ്ടിയാണ് ആയതിലെ 295468 രൂപ ചെലവ് ചെയ്തിട്ടുള്ളത്. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിന്റെ ചെലവ് തുക SDRF ഫണ്ടിൽ നിന്ന് അനുവദിച്ച് കിട്ടുന്നതിന് ബഹു:ജില്ലാ കളക്ടർക്ക് 14.10.2020 ൽ ബി - 5531/2019 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ലഭിച്ചിട്ടില്ല.

പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ചിരുന്നു. ആയത് നിലവിൽ പ്രവർത്തിക്കുന്നില്ല. കമ്മ്യൂണിറ്റി കിച്ചന് താഴെ പറയും പ്രകാരമുള്ള ചെലവാണ് വന്നിട്ടുള്ളത്.

1. ദിവസ വേതനം 12 ദിവസം 2 പേർക്ക് 400 രൂപ നിരക്കിൽ ആകെ - ₹9,600/-
2. പലചരക്ക്, പച്ചക്കറി – ₹7,123/-

നിലവിൽ ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നുണ്ട്. സംഭാവന ഇനത്തിൽ 10,000/- മാത്രമാണ് പഞ്ചായത്തിൽ ലഭിച്ചത്. ആയത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലെ അക്കൗണ്ടിലാണ് വരവ് വെച്ചിട്ടുള്ളത്. പഞ്ചായത്ത് കമ്മറ്റി 2020-21 ൽ 21 തവണയാണ് ചേർന്നിട്ടുള്ളത്. ആയതിൽ ഒരു തവണ ഓൺലൈൻ മുഖാന്തിരമാണ് ചേർന്നിട്ടുള്ളത്.

## 1-18 തെരുവ് വിളക്ക് പരിപാലനം - സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പലതും പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

സർക്കുലർ നം. 65529/ഡി.സി.3/12/തസ്വഭവ. തീ.12-3-2013 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.കെ.എസ്.ഇ.ബി. സാങ്കേതിക സഹായം നല്കുന്നതാണ്. എന്നാൽ പഞ്ചായത്തിൽ പൂർണ്ണമായും തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല.

1) ആസ്തി രജിസ്റ്റർ : വാർഡ് തിരിച്ച് ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറും സ്ഥാപിച്ചിരിക്കുന്ന ലൈറ്റിന്റെ തരവുമൊന്നും രേഖപ്പെടുത്തി തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

2) പരാതി രജിസ്റ്റർ : തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണമെന്നുമാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ.15.09.11 ൽ

നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കേടായ തെരുവ് വിളക്കുകൾ ശരിയാക്കിയതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ എ.എം.സി തുക നൽകുകയാണ് ചെയ്തു വരുന്നത്.

3) നോഡൽ ഓഫീസർ : ഗ്രാമ പഞ്ചായത്തുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17.8.15 ലെ ജി2-44274/2015 നമ്പർ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. തെരുവ് വിളക്ക് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ , പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തി, നോഡൽ ഓഫീസർ മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഈ പ്രവർത്തനങ്ങളൊന്നും തന്നെ പഞ്ചായത്തിൽ നടപ്പായിട്ടില്ല.

4) നിലാവ് പദ്ധതി : സ.ഉ.(സാധാ)1784/2020/തസ്വഭവ തീയതി 29.09.2020 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾ LED യിലേക്ക് മാറ്റുന്നതിനുള്ള നിലാവ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല.

മേൽ മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് (വാള്യം 1) ആർട്ടിക്കൾ 282 (1) പ്രകാരം 3 വർഷ കാലാവധി പൂർത്തിയാക്കിയ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്കു മുതൽക്കൂട്ടേണ്ടതാണ്. ഗ്രാമ പഞ്ചായത്തിലെ ചുവടെ സൂചിപ്പിച്ചിരിക്കുന്ന വിവിധ ഇനങ്ങളിലായി കാലാവധി പൂർത്തീകരിച്ച ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

| ക്രമ നമ്പർ | ഇനം | ഡെപ്പോസിറ്റ് കാലയളവ് | തുക |
|---|---|---|---|
| 1 | ഡെപ്പോസിറ്റുകൾ-ഹാളുകൾ, ഓഡിറ്റോറിയം. | 2013-14 | 1,000 |
| | | 2014-15 | 1,600 |
| | | 2015-16 | 2,000 |
| 2 | കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ | 2017-18 | 2,94,924 |
| 3 | സപ്ലയേഴ്സ് ഇ.എം.ഡി. | 2011-12 | 1,000 |
| | | 2015-16 | 17,000 |
| | | 2016-17 | 4,500 |
| | | 2017-18 | 29,200 |
| 4 | സപ്ലയർ സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2015-16 | 33,500 |
| | | 2017-18 | 16,000 |
| 5 | കോൺട്രാക്ടേഴ്സ് ഇ.എം.ഡി. | 2012-13 | 1,000 |
| | | 2015-16 | 1,500 |
| | | 2016-17 | 2,500 |
| | | 2017-18 | 3,300 |
| 6 | മറ്റു ഡെപ്പോസിറ്റുകൾ | 2015-16 | 6,000 |
| | | 2016-17 | 3,000 |
| | | 2017-18 | 6,000 |
| | ആകെ | | 4,24,024 |

3 വർഷ കാലാവധി പൂർത്തിയാക്കിയ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്കു മുതൽ കൂട്ടേണ്ടതാണ്. തുടർനടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് .

## 1-20 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

എ) ഹോമിയോ മരുന്നുകൾ

| | |
|---|---|
| പ്രൊജക്ട് നം. & പേര് | So 198 / 21 ,<br>ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹ 3,00,000/- |
| ചെലവ് | ₹ 3,00,000/- (ബിൽ നം.2/20-21 തീ. 06.01.21) |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം 3,00,000/- രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട് . എന്നാൽ നാളിതുവരെ 122341 /- രൂപയുള്ള മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ . അവശേഷിക്കുന്ന 1,77,659/- രൂപയുള്ള മരുന്ന് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്

ബി) ആയുർവേദ മരുന്നുകൾ

| | |
|---|---|
| പ്രൊജക്ട് നം. & പേര് | S00 13 / 21 ,<br>ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹ 5,00,000 /- രൂപ<br>(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ) |
| ചെലവ് | ₹ 5,00,000 /- (ബിൽ നം. 1/ 20-21 തീ. 06.01.21) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം 5,00,000 /- രൂപ ഔഷധിയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 4,66,676/- രൂപയുള്ള മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ . അവശേഷിക്കുന്ന 33,324 /- രൂപയുള്ള മരുന്ന് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭിച്ചതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-21 ഓഡിറ്റ് ഇംപാക്റ്റ്

1. നികുതിയിനത്തിൽ കുറവ് വന്ന 15070 രൂപ തിരികെ അടച്ചു.

എൻ.ആർ.ഇ.ജി.എസ്. പ്രവൃത്തികളുടെ ബില്ലിൽ നിന്ന് കുറവ് ചെയ്യേണ്ടിയിരുന്ന നികുതികൾ കുറവ് ചെയ്യാതിരുന്നതിനാൽ കരാറുകാർക്ക് അധികം നൽകിയ 15070 രൂപ കരാറുകാരിൽ നിന്ന് തിരികെ ഈടാക്കി. (ഓഡിറ്റ് എൻക്വയറി നം. 11 തീയതി 13.08.2021)

| ക്രമ നം | രസീത് നം / തീയതി | തുക |
|---|---|---|
| 1 | A0380157/17.08.2021 | 9,324 |
| 2 | A0380158/17.08.2021 | 3,210 |
| 3 | A0380155/17.08.2021 | 2,536 |

2. കളക്ഷൻ തുകയിൽ കുറവ് വന്ന 300 രൂപ ഓഡിറ്റ് എൻക്വയറി(നം 3 തീയതി 10.08.21) മുഖാന്തിരം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ രസീത് നം 121020101281 പ്രകാരം അടച്ചു.

3. തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന 5,550/- രൂപ ഓഡിറ്റ് എൻക്വയറി (നം. 4 തീയതി 11.08.21) മുഖാന്തിരം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന രസീതുകൾ പ്രകാരം അടച്ചു.

| ക്രമ നം | രസീത് നം. / തീയതി | തുക |
|---|---|---|
| 1 | 121020101482/16.08.2021 | 1,850 |
| 2 | 121020101473/13.08.2021 | 1,850 |
| 3 | 121020101463/13.08.2021 | 1,850 |
| | ആകെ | 5,550 |

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവായ തുക (₹) | ബാക്കി |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2020-21 | 9,01,100 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 9,01,100 | 0 |
| 2 | ജില്ലാ പഞ്ചായത്ത് | 2020-21 | 74,600 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 74,600 | 0 |
| 3 | ജില്ലാ പഞ്ചായത്ത് | 2020-21 | 8,92,500 | നെൽകൃഷി വികസനം | 8,92,500 | 0 |
| 4 | ജില്ലാ പഞ്ചായത്ത് | 2020-21 | 6,20,448 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി (സ്പിൽ ഓവർ) | 6,20,448 | 0 |
| 5 | ജില്ലാ പഞ്ചായത്ത് | 2020-21 | 22,00,000 | ലൈഫ് ഭവനപദ്ധതി | 22,00,000 | 0 |
| 6 | ജില്ലാ പഞ്ചായത്ത് | 2020-21 | 2,25,000 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി) | 2,25,000 | 0 |
| 7 | ജില്ലാ പഞ്ചായത്ത് | 2020-21 | 4,50,500 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 4,50,500 | 0 |
| 8 | ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,70,318 | അയ്യംവേലി പാടശേഖരസമിതിക്ക് ട്രില്ലർ വാങ്ങൽ | 1,70,318 | 0 |
| 9 | ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 8,60,000 | ലൈഫ് ഭവനപദ്ധതി(പട്ടികജാതി) | 8,60,000 | 0 |
| 10 | ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,58,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1,58,000 | 0 |
| 11 | ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 5,43,756 | വിവിധ ജംഗ്ഷനുകളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 5,43,756 | 0 |
| 12 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,00,000 | ലൈഫ് ഭവനപദ്ധതി | 2,00,000 | 0 |
| 13 | ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,00,000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |
| 14 | ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 5,00,000 | ലൈഫ് ഭവനപദ്ധതി | 5,00,000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 15 | ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 5,00,000 | ലൈഫ് ഭവനപദ്ധതി (ഫിഷറീസ് ) | 5,00,000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ വലിക്കൽ | 42000274 / 01.01.21 | 6,15,800 | 0 | 6,15,800 |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 63 ാം നമ്പർ അങ്കണവാടി വൈദ്യുതി കണക്ഷൻ | 22001109 / 11.01.21 | 42074 | 42074 | 0 |

63 ാം നമ്പർ അങ്കണവാടി വൈദ്യുതി കണക്ഷനവേണ്ടി തനത് ഫണ്ടിൽ നിന്നാണ് 42074 /-മുൻകൂർ നല്കിയത് . പിന്നീട് വികസനഫണ്ടിൽ നിന്നും ടി തുക തനത് ഫണ്ടിലേക്ക് റീക്കപ്പ് ചെയ്യുകയാണുണ്ടായത് . അപ്രകാരം ചെയ്ത ചെലവും കൂടിചേർത്ത് ആകെ 84148 /- രൂപ എന്നാണ് വാർഷികധനകാര്യപത്രികയിലെ RP -47 ഷെഡ്യൂളിൽ ചെലവ് കാണിച്ചിട്ടുള്ളത് . ഓഡിറ്റ് വർഷം ജല അതോറിറ്റിയിൽ 35,67,481 /-രൂപയും,കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ 64,748 /-രൂപയും ക്രമീകരിക്കപ്പെടാത്ത ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരുപ്പുണ്ട് (B- 18 ഷെഡ്യൂൾ 460500201, 460500202 എന്നീ കോഡുകൾ ).

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടക്കുവാൻ ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി, (ഹഡ്കോ) | സ.ഉ.(സാ). 68/18/ധന. തീ.18.05.18 | 1060000 | 74,31,175 | 14,05,175 | 0 | 70,86,000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 14,12,159 |
| തൻവർഷം നിക്ഷേപിച്ച തുക | 1,07,255 |
| ആകെ | 15,19,414 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15,19,414 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| FD8686/16 , കീച്ചേരി സർവ്വീസ് സഹകരണ ബാങ്ക് | 6,14,093 |
| 15720/11 ,കീച്ചേരി സർവ്വീസ് സഹകരണ ബാങ്ക് | 4,36,084 |
| എറണാകുളം ജില്ലാ സർവ്വീസ് സഹകരണ ബാങ്ക് 014385000000003/19.06.17 | 4,69,237 |
| ആകെ | 15,19,414 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രസീത് നം. /തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ഉദ്യോഗപ്പേരും | |
| 2016-17 | 2(1) | 2,500/- | സെക്രട്ടറി, കീച്ചേരി സർവീസ് സഹകരണ ബാങ്ക് | 120020100416, 19 / 19.05.20 |
| 1999-2000 | 6(3) | 100/- | സെക്രട്ടറി, ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് | 120020100140 / 08.05.20 |

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,13,33,930 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,69,75,981 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,01,262 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 3,01,262/- | ശ്രീ ജോർജ്.ഇ.യു., ഹെഡ് മാസ്റ്റർ , ജി.എൽ.പി.എസ്. കാഞ്ഞിരമറ്റം |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോർജ് ഇ.യു. ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്.കാഞ്ഞിരമറ്റം | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. കാഞ്ഞിരമറ്റം | ശ്രേയസ്സ് (H) മുളന്തുരുത്തി പി.ഒ. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | P438/200021.10.2000 |
| 1999-2000 | P41258/01/05.08.02 |
| 2002-2003 | P4 638/04/05.02.05 |
| 2003-2004 | P6 1262/09/16.11.10/05.03.11 |
| 2006-2007 | P6 1265/10/27.11.10 |
| 2007-2008 | P2 1266/09.04.12 |
| 2009-2010 | P6 1671/11/21.07.12/10.08.12 |
| 2010-2011<br>2011-2012 | P6 813/13/22.06.13/05.07.13 |
| 2012-2013 | P6 489/14/17.05.14 |
| 2013-2014,<br>2014-2015 | P6 1987/15/08.01.16 |
| 2015-2016 | P6 1900/2016/30.11.16 |
| 2016-2017 | P6 1406/17/27.07.17/26.09.17 |
| 2017-2018 | P6 632/18/27.07.17/14.09.18 |
| 2018-2019 | P6 632/18/27.07.17/14.09.18 |
| 2019-2020 | P6 1149/2021 / |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്